# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി റ്റി.വി.അനുപമ IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം - തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോമിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള രണ്ടാം ഗഡു തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) 29/09/2019-ലെ സ.ഉ.(സാധാ) നം. 614/2019/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.

(2) ഈ കാര്യാലയത്തിൽ നിന്നുള്ള 07/05/2020-ലെ ഇതേ നമ്പർ ഉത്തരവ്.

(3) തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 01/12/2020-ലെ GCH/135/2020 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ : ICPS 2/4689/2019 തീയതി : 17/12/2020

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ അറ്റകുറ്റപണികൾ (പ്ലാസ്റ്ററിംഗ്, ജനൽ, വാതിൽ, പെയിന്റിംഗ്) നടത്തുന്നതിന്റെ ഭാഗമായി കുട്ടികളുടെ പഠനമുറി സജ്ജീകരണം, സ്റ്റേജ് നവീകരണം എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനും, ചൈൽഡ് വെൽഫയർ കമ്മിറ്റിയ്ക്ക് മുറി സജ്ജീകരിക്കുന്നതിനും, റിക്രിയേഷൻ റൂം സജ്ജീകരിക്കുന്നതിനും, കുട്ടികൾക്കായി ഫുട്ബോൾ, ബാസ്കറ്റ് ബോൾ, വോളിബോൾ, ക്രിക്കറ്റ് കോർട്ടുകൾ സജ്ജീകരിക്കുന്നതിനും, ഓഫീസ് റൂം സജ്ജീകരിക്കുന്നതിനും, സൂപ്രണ്ട് റൂം സജ്ജീകരിക്കുന്നതിനുമായി തൃശൂർ ജില്ലാ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 76,70,000/-രൂപയുടെ 20% തുകയായ 15,34,000/-രൂപ 4235-02-103-97(പി) എന്ന ശീർഷകത്തിൽ നിന്നും ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം രണ്ട് ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു.

പരാമർശം മൂന്ന് പ്രകാരം തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ അറ്റകുറ്റപണികൾക്കായി അടുത്ത രണ്ട് ഘട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തൃശൂർ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മാറി നൽകുന്നതിനായി ആകെ നിർമ്മാണ ചെലവിന്റെ 50% തുകയായ 38,35,000/-രൂപ അനുവദിക്കണമെന്ന് ഇതുവരെ അനുവദിച്ച തുകയുടെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കേറ്റ് എന്നിവ സഹിതം സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തൃശൂർ ജില്ലാ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 76,70,000/-രൂപയുടെ 50% തുകയായ 38,35,000/-രൂപ (മുപ്പത്തി എട്ട് ലക്ഷത്തി മുപ്പത്തി അഞ്ചായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. സൂപ്രണ്ട് കരാറിലെ ഖണ്ഡിക 2,3 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് തുക മാറി നൽകേണ്ടതാണ്.

ടി തുക (38,35,000/-രൂപ) (മുപ്പത്തി എട്ട് ലക്ഷത്തി മുപ്പത്തി അഞ്ചായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷം 4235-02-103-97(പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക്

PTO

അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുക തൃശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൻെറ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിലേയ്ക്ക് (Name of Bank : State Bank of India, Branch : Kolazhy, Account Name : Thrissur District Labour Contract Co-operative Society Ltd No. R 1389, Account Number : 67331905621, IFSC : SBIN0070824) ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്. സ്ഥാപനസൂപ്രണ്ട് ടി തുകയുടെ റസീപ്റ്റ്, ധനവിനിയോഗ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, പ്രസ്തുത തുകയുടെ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
തൃശൂർ

പകർപ്പ്

1. സൂപ്രണ്ട്
   ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
   രാമവർമ്മപുരം, തൃശൂർ
2. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
   (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
   (ബന്ധപ്പെട്ട രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION ... THIRUVANANTHAPURAM-12 ... WOMEN & CHILD DEVELOPMENT DEPARTMENT